**<u>15 -ാം കേരള നിയമസഭ</u>**

**<u>8 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5146</u>** **<u>14-03-2023 - ൽ മറുപടിയ്ക്ക്</u>**

**<u>കുടിയേറ്റ തൊഴിലാളികളുടെ ക്ഷേമത്തിന് സമഗ്ര നിയമനിർമ്മാണം</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഐ. സി. ബാലകൃഷ്ണൻ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | കുടിയേറ്റ തൊഴിലാളികളുടെ ക്ഷേമത്തിനും നിയന്ത്രണത്തിനുമായി ഒരു സമഗ്ര നിയമനിർമ്മാണം കൊണ്ടുവരും എന്ന മുൻ സർക്കാരിന്റെ പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | (എ) | ഇതര സംസ്ഥാന കുടിയേറ്റ തൊഴിലാളികളുടെ തൊഴിൽ നിയന്ത്രിക്കുന്നതിനും അവരുടെ സേവന വ്യവസ്ഥകൾക്കും അതുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കുമായി, 1979-ലെ ഇന്റർ സ്റ്റേറ്റ് മൈഗ്രന്റ് വർക്ക്മെൻ (തൊഴിലും നിയന്ത്രണവും സേവന വ്യവസ്ഥയും) ആക്ട് നിലവിലുണ്ട്. ഇതര സംസ്ഥാന തൊഴിലാളികളെ സംരക്ഷിക്കുക എന്നത് പ്രസ്തുത നിയമത്തിന്റെ പ്രധാന ലക്ഷ്യമാണ്. കുടിയേറ്റ തൊഴിലാളികളുടെ വിശദാംശങ്ങൾ ശേഖരിക്കുന്നതിനും ആരോഗ്യ സുരക്ഷാ സൗകര്യങ്ങൾ നൽകുന്നതിനുമായി ഒരു മൊബൈൽ ആപ്ലിക്കേഷൻ വികസിപ്പിക്കുന്നതിന് തീരുമാനിച്ചതിന്റെ ഭാഗമായി വികസിപ്പിച്ച വെബ് പോർട്ടലിന്റെ ഉദ്ഘാടനം 02/07/2022-ൽ നടത്തുകയുണ്ടായി. മൊബൈൽ ആപ്പിന്റെ വികസനം എൻ.ഐ.സി മുഖേന പുരോഗമിച്ചു വരുന്നു. എല്ലാ ജില്ലകളിലും സ്ഥാപിച്ചിട്ടുള്ള ഫെസിലിറ്റേഷൻ സെന്ററുകൾ മുഖേന തൊഴിലാളികളുടെ വിവരങ്ങൾ ശേഖരിക്കുകയും അവർക്ക് വകുപ്പ് നൽകുന്ന ക്ഷേമ സൗകര്യങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ